**കേരള സർക്കാർ**
**ധനകാര്യ (എസ്.എഫ്.സി.സെൽ-ബി ) വകുപ്പ്**

# സർക്കുലർ

**സർക്കുലർ നം.38/2020/ധന.** **തീയതി, തിരുവനന്തപുരം, 24.06.2020**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - ആധാർ എടുക്കാൻ കഴിയാത്തവരുടെ ഡേറ്റാ എൻട്രി സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന: 06/11/2017 തീയതിയിലെ സ.ഉ(എം.എസ്)നം.483/2017/ധന നമ്പർ ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിലേക്ക് പ്രാദേശിക സർക്കാരുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ആധാർ സാധൂകരണം നടത്തിയ ശേഷമാണ് നിലവിൽ ഡേറ്റാ എൻട്രി അനുവദിച്ച് വരുന്നത്. ഇത് പല കാരണങ്ങളാൽ ആധാർ എടുക്കാൻ കഴിയാത്ത അർഹരായ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ആധാർ എടുക്കാൻ കഴിയാത്ത അർഹരായ ഗുണഭോക്താക്കളുടെ പെൻഷൻ ഡേറ്റാ എൻട്രി നടത്തുന്നതിലേക്ക് താഴെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. ഗുണഭോക്താവിന് ആധാർ എടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ആധാർ എൻറോൾമെന്റ് ഏജൻസിയിൽ (അക്ഷയ) നിന്നും ഒരു മാസത്തിനുള്ളിൽ ലഭിച്ച രേഖ, ഗുണഭോക്താവ് മറ്റ് പെൻഷനുകൾ വാങ്ങുന്നില്ല എന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷയോടൊപ്പം പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

ii. ഗുണഭോക്താവ് ആധാർ എടുക്കാത്ത വ്യക്തിയാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഉത്തമ ബോധ്യം ഉണ്ടാകുന്ന അവസരത്തിൽ സേവനയിൽ ആധാർ എടുക്കാൻ കഴിയാത്ത വ്യക്തി എന്ന് അടയാളപ്പെടുത്തുക.

iii. ഗുണഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ സേവനയിൽ ഉൾപ്പെടുത്തേണ്ടതാണ്.

iv. തുടർന്ന് ഖണ്ഡിക I (i) -ൽ പരാമർശിച്ചിരിക്കുന്ന രേഖകൾ സേവനയിൽ അപ്‌ലോഡ് ചെയ്ത് സബ്മിറ്റ് ചെയ്യുക

v. ഇത്തരത്തിൽ സബ്മിറ്റ് ചെയ്ത ഡേറ്റ ഡി.ബി.ടി. സെല്ലിന്റേയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയോ അംഗീകാരത്തിനായി സേവന മുഖാന്തിരം ലഭിക്കുന്നു. ഡി. ബി. ടി സെല്ലിന്റെ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിച്ച ശേഷം പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഡേറ്റാ എൻട്രി ചെയ്ത് പെൻഷൻ അനുവദിക്കാവുന്നതാണ്.

## 2. മാനസിക രോഗം ഉള്ളവർ, ഓട്ടിസം ബാധിച്ചവർ എന്നിവരുടെ ഡാറ്റാ എൻട്രി

i. മാനസിക രോഗം ഉള്ളവർ, ഓട്ടിസം ബാധിച്ചവർ എന്നിവരിൽ രോഗാധിക്യം കാരണം ആധാർ എൻറോൾമെന്റ് ഏജൻസിയിൽ എത്താൻ കഴിയാത്തതിനാൽ ആധാർ എടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക് ആധാർ ഇല്ലാതെ തന്നെ പെൻഷൻ അനുവദിക്കാവുന്നതാണ്.

ii. ആധാറിന് പകരം പെൻഷൻ അപേക്ഷക/അപേക്ഷകൻ മാനസികരോഗിയാണ് / ഓട്ടിസം ബാധിച്ച വ്യക്തിയാണെന്ന് സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

iii. പെൻഷൻ ഗുണഭോക്താവിന് ആധാർ എടുക്കുന്നതിലേക്ക് എൻറോൾമെന്റ് ഏജൻസിയിൽ എത്തുന്നതിനോ ഏജൻസി മുഖാന്തിരം വീട്ടിൽ വന്ന് ആധാർ എടുക്കുന്നതിനോ സാധിക്കുന്നില്ല എന്ന ഐ സി ഡി എസ് സൂപ്പർവൈസറുടെ അല്ലെങ്കിൽ അസ്സിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് (സർട്ടിഫിക്കറ്റിന്റെ മാതൃക ഉള്ളടക്കം).

iv. അപേക്ഷകൻ / അപേക്ഷക മാനസിക രോഗം ഉള്ള / ഓട്ടിസം ബാധിച്ച വ്യക്തിയാണ് എന്ന് സേവനയിൽ അടയാളപ്പെടുത്തുക.

v. തുടർന്ന് ഖണ്ഡിക 2(ii).(iii)-കളിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻകാർഡിന്റെ പകർപ്പ് എന്നിവ സേവനയിൽ അപ്‌ലോഡ് ചെയ്ത് സബ്മിറ്റ് ചെയ്യുക.

vi. ഇത്തരത്തിൽ സബ്മിറ്റ് ചെയ്ത ഡേറ്റ ഡി.ബി.ടി. സെൽ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ അംഗീകാരത്തിനായി സേവന മുഖാന്തിരം ലഭിക്കുന്നു. ഡി. ബി. ടി സെല്ലിന്റെ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിച്ച ഡേറ്റ തിരിച്ച് പ്രാദേശിക സർക്കാരിൽ ലഭിക്കുന്നു. തുടർന്ന് ഡേറ്റാ എൻട്രി ചെയ്ത് പെൻഷൻ അനുവദിക്കാവുന്നതാണ്.

vii. സേവനയിൽ ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ വരുത്തേണ്ടതാണ്.

**പ്രതീപ് കുമാർ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്)
6. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

8. എല്ലാ മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്

10. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

11. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( (www.finance.kerala.gov.in)

12. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(നം 1244798/എസ്.എഫ്.സി.ബി2/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## സർട്ടിഫിക്കറ്റ്

(24.06.2020 തീയതിയിലെ സർക്കാർ പരിപത്രം നം. 38/2020/ധന.-ലെ ഖണ്ഡിക 2 (iii) പ്രകാരം ഐ.സി.ഡി.എസ്.സൂപ്പർവൈസർ / അസിസ്റ്റന്റ് സർജനിൽ കുറയാതെയുള്ള ഗവണ്മെന്റ് ഡോക്ടർ നൽകുന്നത്)

ശ്രീ / ശ്രീമതി ..............................................................................................................(പേര്)
.......................................................................................................................................
.......................... ...................................................................................................(വിലാസം)
...................................................................................................................................-ലെ
(പ്രാദേശിക സർക്കാർ) സ്ഥിരം താമസക്കാരനാണെന്നും അപേക്ഷകൻ / അപേക്ഷക് മാനസിക രോഗം / ഓട്ടിസം ബാധിച്ച വ്യക്തിയാണെന്നും അക്കാരണത്താൽ ഉണഭോക്താവിന് ആധാർ എടുക്കുന്നതിലേക്ക് എൻറോൾമെന്റ് ഏജൻസിയിൽ എത്തുന്നതിനോ ഏജൻസി മുഖാന്തിരം വീട്ടിൽ വന്ന് ആധാർ എടുക്കുന്നതിനോ സാധിക്കുന്നില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഇത് സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്ക് ..........................................................
...................................................................................................................................-ൽ
(പ്രാദേശിക സർക്കാർ) സമർപ്പിക്കുന്നതിലേക്ക് നൽകുന്നതാണ്.

സ്ഥലം: ഒപ്പ്
തീയതി: പേര്

ഔദ്യോഗിക മേൽവിലാസം

(ഓഫീസ് സീൽ)

## CERTIFICATE

(Issued by Medical Officer not below the rank of assistant surgeon/ICDS supervisor as per para 2 of Circular No.38/2020/Fin Dated 24/06/2020)

It is certified that Sri/Smt.......................................................................
.............................................................. ................................ .......... (Name)
..............................................................................................................
..............................................................................................................
.......................................................................(Address) who is a permanent resident of .................................................................................

(Name of GP / Municipality / Municipal Corporation) is suffering from Mental disorder / Autism and due to this he / she can neither appear before aadhaar enrolment agency for taking aadhaar nor the agency can issue aadhaar reaching his home.

This is issued to produce before the Secretary ......................................
..........................................................................................................................
(Name of GP/Municipality / Municipal Corporation) for applying Social Security Pension.

Signature:

Place

Date

Name:

Official Address:

(Office Seal)